ടനം ചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ടമന്ത്രിയെ ക്ഷണിച്ചപ്പോൾ സൗകര്യ മുള്ള ദിവസം അറിയിക്കാമെന്ന് പറഞ്ഞു. ഇന്നുവരെ അതിന് സൗകര്യം കിട്ടി യതായി അറിയിച്ചിട്ടില്ല. ഇനി എന്നത്തേക്ക് സൗകര്യം കിട്ടുമെന്ന് പറയാമോ?

മി:സ്പീക്കർ: എന്നെയും ഒരു ആയുർവ്വേദാശുപത്രി ഉൽഘാടനം ചെയ്യാൻ ക്ഷണിച്ചിട്ടുണ്ട്. ഇന്നുവരെ സൗകര്യം കിട്ടിയിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: തൃശ്ശൂർ ഡി. ഡി. സി. ശുപാർശ ചെയ്തിരുന്ന തളിക്കുളം ആയുർവ്വേദാശുപത്രി വേണ്ടെന്ന് വച്ചത് ഡി. ഡി. സി. വേണ്ടെന്നു പറഞ്ഞതുകൊണ്ടാണെന്നു പറഞ്ഞു. എന്നാൽ ഡി. ഡി. സി. യുടെ നേരത്തെയുള്ള തീരുമാനപ്രകാരം തളിക്കുളത്തുതന്നെ ആയുർവേദാ ശുപത്രി തുടങ്ങാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. ജോർജ്ജ്: തളിക്കുളത്തു തുടങ്ങണമെന്ന് ഡി. ഡി. സി. ശുപാർശചെയ്യുന്നുവെങ്കിൽ തീരുമാനിക്കാവുന്നതാണ്.

ശ്രീ. പി. കെ. രാഘവൻ: അച്ചൻകോവിലിൽ ഇതിനുമുമ്പ് ഒരു ആയുർ വ്വേദ ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അത് അലോട്ട് ചെയ്തതിനുശേഷം ഇന്നു വരെ പ്രവർത്തിച്ചിട്ടില്ല. അവിടെപോയി അന്വേ ഷിച്ചിട്ട് യാതൊരു വിവരവും ലഭിച്ചിട്ടില്ല. ആ ഡിസ്പെൻസറി ഇപ്പോൾ എവിടെയാണ് പ്രവർത്തിക്കുന്നത്? മാറ്റി പ്രവർത്തിപ്പിക്കാൻ കാരണം എന്താണ്?

ശ്രീ. കെ. എം. ജോർജ്: നോട്ടീസു വേണം.

ശ്രീ. സി. ഗോവിന്ദപ്പണിക്കർ: പാലക്കാട് ജില്ലയിൽ കരിമ്പനയിൽ പൊൻപാറ എന്ന സ്ഥലത്ത് ഒരു ഡിസ്പെൻസറി തുടങ്ങാൻ നാട്ടുകാർ സ്ഥല സൗകര്യം കൊടുക്കാമെന്നു പറഞ്ഞിട്ടും ഇതുവരെയും തുടങ്ങിയിട്ടില്ലെന്നറി യാമോ?

ശ്രീ. കെ. എം. ജോർജ്: നോട്ടീസ് വേണം.

ശ്രീ. പി. എസ്. നമ്പൂതിരി: തൃശ്ശൂർ ജില്ലയിൽ നാട്ടികയിൽ ഒരു പുതിയ ആയുർവ്വേദ ഡിസ്പെൻസറി തുടങ്ങാമെന്ന് പറഞ്ഞിട്ടും ഇതുവരെയും തുടങ്ങിയിട്ടില്ല. അതുപോലെതന്നെ കൊടകരയുള്ള ആയുർവ്വേദാശുപത്രിയിൽ ബഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കാമെന്നു പറഞ്ഞിട്ടും ഇതുവരെയും ചെയ്തിട്ടില്ല. ഇതിനെല്ലാം ഉള്ള കാരണം എന്താണ്?

ശ്രീ. കെ. എം. ജോർജ്ജ്: നോട്ടീസു വേണം.

വെടിവയ്പും ലാത്തിച്ചാർജും

* 167 (611) ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്
,, പി. എസ്. നമ്പൂതിരി
,, പി. എസ്. ശ്രീനിവാസൻ
,, ഈ അഹമ്മദ്
,, പി. കെ. രാഘവൻ
,, പി. എം. അബൂബേക്കർ
,, ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാ ഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967 മാർച്ചു മുതൽ 1969 ഒക്ടോബർവരെ കേരളത്തിൽ എത്ര വെടിവയ്പും, ലാത്തിച്ചാർജും ഉണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എവിടെയെല്ലാം;

(സി) ഇതിന്റെ ഫലമായി എത്രപേർ മരിച്ചു;

(ഡി) എത്രപേർക്ക് പരുക്കേറ്റു;

(ഈ) എത്ര തൊഴിലാളികളും വിദ്യാർത്ഥികളും മരിച്ചു;

(എഫ്) ഇവയിൽ ഏതെല്ലാം സംഭവങ്ങളെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തി;

(ജി) നടത്തിയില്ലെങ്കിൽ അതിനുള്ള കാരണം എന്ത്?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ,ബി) സുൽത്താൻബത്തേരി, കാസർകോട്, പൂവാർ, വിഴിഞ്ഞം, അഞ്ചൽ, കുളമാവ്, വീയപുരം, കൊരട്ടി എന്നീ എട്ടു സ്ഥലങ്ങളിൽ വെടിവയ്പും, സുൽത്താൻബത്തേരി, കാസർകോട്, എറണാകുളം, പൂവാർ അഞ്ചൽ, കുളമാവു, വീയപുരം, ആലപ്പുഴ, കൊല്ലം, കൊരട്ടി എന്നീ പത്തു സ്ഥലങ്ങളിൽ ലാത്തിച്ചർജുകളും ഉണ്ടായിട്ടുണ്ട്.

(സി,ഡി) ഇതിന്റെ ഫലമായി പത്ത് പേർ കൊല്ലപ്പെടുകയും 132 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) രണ്ട് വിദ്യാർത്ഥികളും, രണ്ടു തൊഴിലാളികളും കൊല്ലപ്പെട്ടവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു.

(എഫ്, ജി) സുൽത്താൻബത്തേരി, പൂവാർ വിഴിഞ്ഞം, അഞ്ചൽ, കുളമാവ്, വീയപുരം, ആലപ്പുഴ എന്നീ സ്ഥലങ്ങളിൽ നടന്ന സംഭവങ്ങളെ കുറിച്ച് അന്വേഷണം നടത്താൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

[ശ്രീ. പി. എസ്. നമ്പൂതിരി: തൃശൂരിൽ റെയിൽവേ ഗുഡ്സ് തൊഴിലാളികൾ സമാധാനപരമായ സമരം നടത്തിയപ്പോൾ അവിടത്തെ കളക്ടർ ഡി. എസ്. പി. യെ വിളിച്ച് പറയുകയും തൊഴിലാളികളുടെ നേരെ ലാത്തിച്ചാർജ് നടത്തുകയും ചെയ്തു. ആ ലാത്തിച്ചാർജിനെപ്പറ്റി അന്വേഷിക്കാൻ ആ കളക്ടറെത്തന്നെ അധികാരപ്പെടുത്തിയിരിക്കുന്നതായി അറിയാമോ? ആ ലാത്തിച്ചാർജിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി വായിച്ച ഉത്തരത്തിന്റെ കൂട്ടത്തിൽ കാണുന്നില്ല.

[ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എന്തു കാരണം കൊണ്ടാണ് അതുവിട്ടുപോയതെന്ന് അറിഞ്ഞുകൂടാ. അതെന്താണെന്ന് അന്വേഷിക്കാം.

[ശ്രീ. ഇ. അഹമ്മദ്: കാസർകോടു വെടിവയ്പ്പിൽ രണ്ടു വിദ്യാർത്ഥികൾ മരിച്ചുവെന്നു പറഞ്ഞു. അതിനെപ്പറ്റിയുള്ള ജുഡീഷ്യൽ അന്വേഷണം ഏതു ഘട്ടംവരെയെത്തിയെന്ന് പറയാമോ?

[ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിനെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തേണ്ടായെന്ന് ഗവൺമെന്റു തീരുമാനിച്ചു.

[ശ്രീ. പി. കെ. രാഘവൻ: മൊത്തത്തിൽ എട്ടു സ്ഥലത്തു വെടിവയ്പ്പു നടത്തിയെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതിൽ അഞ്ചു സ്ഥാനങ്ങളിൽ അന്വേഷണത്തിന് ഏർപ്പാടു ചെയ്തിട്ടില്ല. മറ്റു മൂന്നു സ്ഥലങ്ങളിൽ മാത്രം ജുഡീഷ്യൽ അന്വേഷണം നടത്താനുള്ള കാരണം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഓരോന്നും പ്രത്യേകമായി നടത്താതിരിക്കാനുള്ള പ്രത്യേക സാഹചര്യം എന്താണെന്നു മനസ്സിലാകുന്നില്ല.

ശ്രീ. പി. എം. അബൂബക്കർ: ചില സ്ഥലങ്ങളിൽ നടത്തിയ വെടിവയ്പ്പിനെപ്പറ്റിയും ലാത്തിച്ചാർജ്ജിനെപ്പറ്റിയും അന്വേഷണത്തിന് ഉത്തരവ് ഇട്ടിട്ടുള്ളത്, അന്വേഷണം ഏത് ഘട്ടത്തിൽ എത്തിയെന്നും, ഏതെല്ലാം പൂർത്തിയായിയെന്നും പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കാസർകോട്ടുള്ള അന്വേഷണം പിന്നീട് വേണ്ടെന്നു വയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. വീയപുരം ആലപ്പുഴ എന്നീ സ്ഥലങ്ങളിൽ നടന്നതിനെപ്പറ്റിയുള്ള അന്വേഷണ റിപ്പോർട്ട് ഗവൺമെൻറിനു ലഭിച്ചിട്ടുണ്ട്. അതുപോലെതന്നെ അഞ്ചൽ, കൊല്ലം എന്നീ സ്ഥലങ്ങളിൽ നടന്ന സംഭവങ്ങളെപ്പറ്റിയുള്ള അന്വേഷണ റിപ്പോർട്ടും കിട്ടിയിട്ടുണ്ട്. മറ്റു ചിലത് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. പൂവാറിലുള്ളതും അന്വേഷണം വേണ്ടെന്നു വയ്ക്കുകയാണു ചെയ്തത്.

ശ്രീ. പി. എം. അബൂബക്കർ: ഗവൺമെൻറിനു കിട്ടിയിട്ടുള്ള അന്വേഷണ റിപ്പോർട്ട് സഭയുടെ മുമ്പാകെ വയ്ക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വയ്ക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ടി. എ. മജീദ്: പത്തുപേർ മരിച്ചു എന്നു പറയുന്നതിൽ വിദ്യാർത്ഥികളും തൊഴിലാളികളും അല്ലാത്തവർ മരിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വിദ്യാർത്ഥികളും രണ്ട്, തൊഴിലാളികളും രണ്ട്, പൂവ്വാർ വെടിവയ്പിൽ മരിച്ചത് തൊഴിലാളികളായി കൂട്ടാം. അങ്ങനെ വിദ്യർത്ഥികളും തൊഴിലാളികളും അല്ലാത്തവരും ഈ വെടിവയ്പുകളിൽ മരിച്ചിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: വിഴിഞ്ഞത്ത് വെടിവയ്പ് നടന്നത് അന്നത്തെ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി നൽകിയ തെറ്റായ നിർദ്ദേശത്തിൻറെ ഫലമായിട്ടാണെന്നും, ഒരു ജുഡീഷ്യൽ അന്വേഷണം നടത്തിയാൽ ആ വസ്തുത തെളിയുമെന്നുമുള്ളതുകൊണ്ടല്ലേ ജുഡീഷ്യൽ അന്വേഷണം നടത്താത്തത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ പറയുന്നതു ശരിയായിരിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. ടി. എ. മജീദ്: ഈ സംഭവത്തിൽ അഞ്ചുപേർ മരിച്ചിട്ടും ജുഡീഷ്യൽ അന്വേഷണം നടത്താത്തതെന്തുകൊണ്ടാണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഗവൺമെൻറ് ജുഡീഷ്യൽ അന്വേഷണമല്ലാതുള്ള അന്വേഷണം ശ്രീ. രാമൻകുട്ടിയെക്കൊണ്ട് നടത്താൻ തീരുമാനിച്ചു. എന്തുകൊണ്ടാണ് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് തീരുമാനിക്കാത്തതെന്നുള്ളത് രേഖപ്പെടുത്തി വയ്ക്കാറില്ല.

ശ്രീ. ഈ. ജോൺജേക്കബ്: വീയപുരം വെടിവയ്പു നടന്നതിൽ ആരും മരിച്ചിട്ടില്ലെന്നു പറയുകയുണ്ടായി. പക്ഷേ വീയപുരം വെടിവയ്പിനുശേഷം തൊട്ടടുത്തുള്ള ആറ്റിൽനിന്ന് ഒരു ശവം പൊന്തിവന്നത് വെടിവയ്പുമൂലം മരിച്ചിട്ടുള്ളതല്ലെന്നാണോ ഗവൺമെൻറിന് ലഭിച്ചിട്ടുള്ള വിവരം?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വീയപുരം റിപ്പോർട്ട് നോക്കിയാലേ അത് പറയാൻ കഴിയുകയുള്ളു. ആ റിപ്പോർട്ട് ഗവൺമെന്റ് ഇതുവരെ പരിശോധിച്ചു കഴിഞ്ഞിട്ടില്ല.

[ശ്രീമതി കെ. ആർ. ഗൗരി: ചില അന്വേഷണങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് കിട്ടിയെന്നു പറഞ്ഞു. ആ റിപ്പോർട്ടുകളും മേശപ്പുറത്തു വയ്ക്കാൻ പറ്റുകയില്ലെന്നു പറഞ്ഞു. ആ റിപ്പോർട്ടുകളിലെ ശുപാർശകളും എന്നുമുതൽ നടപ്പിലാക്കാൻ കഴിയുമെന്നു പറയാമോ?

[ശ്രീ. സി. എച്ച്. മുഹമ്മദുകോയ: തീയതി കൃത്യമായി പറയാൻ കഴിയുകയില്ല. ആലുപ്പുഴയിലേയും, വീയപുരത്തേയും റിപ്പോർട്ടുകളും ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അഞ്ചൽ, കൊല്ലം എന്നീ രണ്ടു സ്ഥലങ്ങളിലെ റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്.

[ശ്രീമതി കെ. ആർ. ഗൗരി: ആലപ്പുഴയിലേയും വീയപുരത്തേയും റിപ്പോർട്ട്, അഞ്ചലിലെ റിപ്പോർട്ട് വരുന്നതിനുമുൻപ് വന്നതാണ്. ഇന്നും അതു പരിശോധനയിലിരിക്കാൻ കാരണമെന്താണ്?

[ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആലുപ്പുഴയിലേയും വീയപുരത്തേയും റിപ്പോർട്ട് ഐ. ജി. യുടെ റിമാർക്ക്സിനു അയച്ചിരിക്കുകയാണ്. മറ്റത് തർക്കമില്ലാത്തതുകൊണ്ട് പരിഗണിച്ചു.

[ശ്രീമതി കെ. ആർ. ഗൗരി: ആലപ്പുഴ സംഭവത്തെ സംബന്ധിച്ചിടത്തോളം ആ മുതലാളി ചെയ്ത തെറ്റുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളതെന്നും അതുകൊണ്ട് ആ മുതലാളിയെ പ്രോസിക്യൂട്ട് ചെയ്യണമെന്നും എഴുതിവച്ചിട്ടുള്ളത് ശരിയാണോ?

[ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആ റിപ്പോർട്ട് പരിശോധിച്ചു കഴിഞ്ഞിട്ടില്ല. പരിശോധിക്കുന്നതിനു മുൻപ് എന്തെങ്കിലും പറയുന്നത് ശരിയല്ല.

[ശ്രീ. ബേബിജോൺ: ചില സ്ഥലങ്ങളിലെ വെടിവയ്പുകളെ സംബന്ധിച്ചിടത്തോളം ജൂഡീഷ്യൽ അന്വേഷണത്തിനു ഉത്തരവിടുകയും കാസർകോട്ടും വിഴിഞ്ഞത്തുമുള്ള വെടിവയ്പുകളെ സംബന്ധിച്ചിടത്തോളം അത് വേണ്ടെന്നു വയ്ക്കുകയും ചെയ്യാനുള്ള കാരണമെന്താണ്?

[ശ്രീ. സി. എച്ച്. മുഹമ്മദുകോയ: [പത്യേകമായ കാരണമൊന്നും ഇതിൽ രേഖപ്പെടുത്തിയിട്ടില്ല. പിൻവലിച്ചു എന്നുമാത്രമേ ഇതിൽ നിന്ന് മനസിലാക്കാൻ കഴിയുകയുള്ളു.

[ശ്രീ. കെ. ടി. ജോർജ്ജ്: എറണാകുളം സെന്റ് ആൽബർട്ട് കോളേജിൽ നടന്ന ലാത്തിച്ചാർജ്ജിനെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ ഫലമെന്തായി.

[ശ്രീ. സി. എച്ച്. മുഹമ്മദുകോയ: റിപ്പോർട്ടിനെസംബന്ധിച്ച് ഗവൺമെന്റ് തീരുമാനമെടുത്തിട്ടില്ല.

[ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ആലപ്പുഴ വെടിവയ്പ്പിന്റെ അന്വേഷണ റിപ്പോർട്ടിന്റെ ഏതാനും ഭാഗങ്ങൾ ബഹുമാനപ്പെട്ട മുൻമന്ത്രി ഇവിടെ വിവരിക്കുകയുണ്ടായി. ആ റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് നിശ്ചയിച്ച അന്വേഷണ കമ്മിഷനെ ആ ഗവൺമെൻറ് അധികാരത്തിൽനിന്നു പോയതിനുശേഷം വിളിച്ചു വരുത്തി ഉത്തരവാദപ്പെട്ട മുൻ മന്ത്രിമാർ ഡിക്ടേറ്റ് ചെയ്തു കൊടുത്ത റിപ്പോർട്ടാണെന്നുള്ള പരാതി ഉണ്ടായിട്ടുണ്ട്. അങ്ങനെ പരാതിയുള്ളതുകൊണ്ട് ആ പരാതിയെക്കൂടി കണക്കിലെടുത്തുകൊണ്ട് ആ റിപ്പോർട്ട് പുനഃപരിശോധിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ പരാതി ഉണ്ടായിട്ടില്ല.

(ഈ സമയം മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റ് പാർട്ടിയിൽപ്പെട്ട പല മെമ്പറൻമാരും ചാടിയെണീറ്റ് ബഹളമുണ്ടാക്കി ആ ചോദ്യം പിൻവലിക്കണമെന്നു ആവശ്യപ്പെട്ടു).

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: അങ്ങനെ പരാതിയുണ്ടായിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: അലിഗേഷൻ ഉൾപ്പെട്ട ചോദ്യങ്ങളം ചോദിക്കാതിരിക്കുന്നതാണ് നല്ലത്.

ശ്രീ. ഇ. അഹമ്മദ്: ഒരു മെമ്പർക്ക് എന്തെങ്കിലും കാര്യത്തെ സംബന്ധിച്ച് പരാതി അയച്ചാൽ ആ പരാതിയെ അടിസ്ഥാനപ്പെടുത്തി ചോദ്യം ചോദിക്കുന്നതിൽ എന്താണ് തെറ്റ്?

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: എനിക്ക് അതേസംബന്ധിച്ച് രണ്ടു പരാതി കിട്ടിയിട്ടുണ്ട്. അങ്ങനെ പരാതി കിട്ടിയതിൻെറ അടിസ്ഥാനത്തിൽ അത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നാണ് ഞാൻ ചോദിച്ചത്. അങ്ങനെ പരാതി കിട്ടിയതിൻെറ അടിസ്ഥാനത്തിൽ ചോദ്യം ചോദിക്കുന്നത് തെറ്റാണോ എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം അങ്ങ് റൂളിംഗ് തരണം.

ശ്രീമതി കെ. ആർ. ഗൗരി: ചോദ്യം ചോദിക്കുന്നതിന് ചില ഫാർമാലിറ്റീസുണ്ട്.

മി. സ്പീക്കർ: അലിഗേഷനുണ്ടെന്നു തോന്നത്തക്കരീതിയിൽ ചോദ്യമുണ്ടായത് ആവശ്യമില്ലായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: അത് പിൻവലിക്കണം.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഇത്തരം കാര്യങ്ങളിൽ വല്ല പരാതിയും ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ എന്നുള്ളതാണ് എൻെറ ചോദ്യം. അതുകൊണ്ട് അങ്ങ് ചോദ്യം അനുവദിക്കണം.

മി. സ്പീക്കർ: അതുകൊണ്ടാണ് ആ ചോദ്യം പിൻവലിക്കണമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. കരുണാകരൻ: ആലപ്പുഴ സംഭവത്തെ സംബന്ധിച്ചിടത്തോളമുള്ള റിപ്പോർട്ടിൻെറ ഉള്ളടക്കം വെളിപ്പെട്ടിട്ടുള്ള സ്ഥിതിക്ക് ഇതിൻെറ ഉള്ളടക്കം എങ്ങനെ കിട്ടി എന്നു അന്വേഷിക്കാനും അതിനുമുമ്പ് ഒരു തീരുമാനമെടുക്കാതിരിക്കാനും സന്നദ്ധമാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോൾ ആലപ്പുഴ അന്വേഷണ റിപ്പോർട്ട് ഗവൺമെൻറിൻെറ പരിശോധനയിലിരിക്കുകയാണ്. ആ റിപ്പോർ

LIBRARY ARCHIVES Kerala Legislative Assembly

ട്ടിനെ സംബന്ധിച്ച് സാധാരണഗതിയിൽ പോലീസുദ്യോഗസ്ഥൻമാരുടെ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആ വിശദീകരണവും റിപ്പോർട്ടിലെ കാര്യങ്ങളുമെല്ലാം ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ പരിശോധിച്ചതിനുശേഷമേ ഗവൺമെൻറ് ഒരു തീരുമാനമെടുക്കുകയുള്ളു. അതിൽക്കൂടുതലായി അതേസംബന്ധിച്ച് എന്തെങ്കിലും പറയണമെന്നു തോന്നുന്നില്ല

ശ്രീ. കെ. കരുണാകരൻ: ആ റിപ്പോർട്ടിലെ വിവരങ്ങൾ എങ്ങനെ പുറത്തുപോയി എന്നു അന്വേഷിക്കാമോ?

ശ്രീമതി കെ. ആർ. ഗൗരി: ഞങ്ങളെല്ലാം മന്ത്രിമാരായിരിക്കുമ്പോൾ സബ്മിറ്റ്ചെയ്ത റിപ്പോർട്ടാണ് ഇത്. അതുകൊണ്ട് ഈ ചോദ്യം അനാവശ്യമാണ്.

ശ്രീ. കെ. കരുണാകരൻ: മന്ത്രിയായിരിക്കുമ്പോൾ കൊടുത്ത റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം അതിലെ വിവരങ്ങൾ ചോദ്യരൂപേണ പ്രസിദ്ധപ്പെടുത്തുന്നത് ആർഡറിലാണോ?

മി. സ്പീക്കർ: റിപ്പോർട്ടിനെ സംബന്ധിച്ച് അതിലെ ഉള്ളടക്കം ശ്രീമതി ഗൗരിക്കറിയാം. ഗവൺമെൻറ് ഏതു നിലയിലാണ് ഇതു കൈകാര്യം ചെയ്യേണ്ടതെന്നു വരുമ്പോൾ ഇതിൻെറ ഉള്ളടക്കം വരത്തക്കരീതിയിലുള്ള ചോദ്യം ചോദിക്കുന്നത് ശരിയല്ല.

ശ്രീമതി. കെ. ആർ. ഗൗരി: ഞാൻ മന്ത്രിയായിരിക്കുമ്പോൾ ഗവൺമെൻറിലേയ്ക്ക് കൊടുത്ത റിപ്പോർട്ടാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ചോദ്യം ചോദിക്കാൻ അറിയാൻ പാടില്ലെന്നു ഇപ്പോൾ വ്യക്തമായില്ലേ?

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെയാണെങ്കിൽ ചോദ്യം ചോദിക്കാൻ പഠിപ്പിച്ചുതന്നാൽ മതി

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: എനിക്ക് അതല്ല ജോലി.

മി. സ്പീക്കർ: രണ്ടു സീനിയർ മെമ്പറൻമാർ തമ്മിൽ ഇങ്ങനെയൊരു തർക്കത്തിൻെറ ആവശ്യമില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ സഭയിലെ ചർച്ചയിൽ പലപ്പോഴും വളരെയധികം പരാമർശിക്കപ്പെട്ട രണ്ടുഭാഗത്തുനിന്നും പരാമർശിക്കപ്പെട്ട സംഭവമാണ് വീയപുരം വെടിവയ്പെന്നുള്ള നിലയിലും ആ വെടിവയ്പിനെസംബന്ധിച്ചിടത്തോളം വെടിവയ്പുണ്ടായ 24 മണിക്കൂറിനകം തന്നെ നടപടി എടുത്തിട്ടുള്ള നിലയിലും അതിൻെറ റിപ്പോർട്ട് ഈ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിന് താമസം വരുത്തുന്നതിൻെറ കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: താമസിച്ചായാലും സഭയുടെ മേശപ്പുറത്തുവയ്ക്കുമെന്നുപറഞ്ഞിട്ടില്ലാ. അതിൻെറ തീരുമാനമൊന്നും എടുത്തിട്ടില്ല. തീരുമാനം താമസിക്കാനുള്ള കാരണം ഞാൻ പറഞ്ഞു. ഇതിനെസംബന്ധിച്ച് പോലീസ് ഉദ്യോഗസ്ഥൻമാരുടെ റിമാർക്കു വരുത്തി അതും റിപ്പോർട്ടിലെ പരാമർശനങ്ങളും ഗവൺമെൻറ് പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇനി എത്ര താമസമുണ്ടാകുമെന്ന് കൃത്യമായി പറയാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ സംഭവം യാതൊരു പ്രകോപനവും കൂടാതെ നടന്നു എന്നാണ് തൊഴിലാളികളുടെ ഭാഗത്തുനിന്നുള്ള വാദം. ഈ സംഭവവുമായി ബന്ധപ്പെടുത്തി 200-ൽ അധികം തൊഴിലാളികളെ പ്രതികളാക്കി കേസ് നടന്നുവരുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ എത്രയും വേഗം ഈ റിപ്പോർട്ടിനെസംബന്ധിച്ച് തീരുമാനമെടുക്കാനും അതു പ്രസിദ്ധപ്പെടുത്തുന്നതിനും തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇതു ഞാൻ പറഞ്ഞുകഴിഞ്ഞു. ശ്രീ. വാര്യർ പറഞ്ഞതുപോലെ കേസ്സുണ്ട്. കേസ് നടക്കുന്നു എന്ന കാരണം കൊണ്ട് തീരുമാനത്തെപ്പറ്റി പറയാൻ ഒക്കുകയില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: 132 പേർക്ക് പരിക്കേൽക്കുകയും 10 പേർ മരണമടയുകയും ചെയ്തു എന്ന് പ്രസ്താവിക്കുകയുണ്ടായി. വെടിവയ്പിൽ മരണപ്പെട്ട ആളുകളുടെ കുടുംബത്തിന് നഷ്ടപരിഹാരം കൊടുക്കുകയുണ്ടായോ; എങ്കിൽ എത്ര പേർക്കാണ് കൊടുത്തത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നോട്ടീസുവേണം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: എല്ലാ കേസുകൾക്കും ജുഡിഷ്യൽ അന്വേഷണത്തിന് ഓർഡർ ചെയ്തു. അങ്ങനെ ഓർഡർ ചെയ്ത ഈ രണ്ടു കാര്യങ്ങളെസംബന്ധിച്ചിടത്തോളംമാത്രം ഐ. ജി. യുടെ റിമാർക്ക്സ് വീണ്ടും ആവശ്യപ്പെടാൻ ഗവൺമെൻറിനെ പ്രേരിപ്പിച്ച സാഹചര്യം എന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ രണ്ടുകാര്യത്തിൽമാത്രമേ റിമാർക്സ് ചോദിച്ചിട്ടുള്ളു. ഇതിനെപ്പറ്റി ആലോചിക്കേണ്ട ആവശ്യമുണ്ടെങ്കിൽ ആലോചിക്കേണ്ടിവരും. റിപ്പോർട്ടിനെസംബന്ധിച്ച് വിശദമായ ചർച്ചയിലെ ഇതിനെപ്പറ്റി പറയാൻ ഒക്കുകയുള്ളു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഈ കാര്യത്തിൽ തർക്കമുണ്ടായി എന്ന് നേരത്തെ ഉത്തരം പറഞ്ഞപ്പോൾ പറഞ്ഞു. ഏതു കാര്യത്തിലാണ്, എങ്ങനെയാണ് തർക്കമുണ്ടായത്. ആരാണ് തർക്കത്തിനുള്ള കാര്യം ഉന്നയിച്ചതെന്നു വ്യക്തമാക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോൾ പറയാൻ ഒക്കുകയില്ല.

ശ്രീ. ഇ. ജോൺജേക്കബ്: വീയപുരം സംഭവത്തിൽ ഗവൺമെൻറു നിശ്ചയിച്ച കമ്മീഷന്റെ റിപ്പോർട്ട് ചില സമ്മർദ്ദങ്ങൾമൂലം വന്നിട്ടുള്ളതാണെന്നുള്ള പരാതി അതിലെ ഒരു കക്ഷിയായ ഞാൻതന്നെ ഉന്നയിക്കുന്നു. അതനുസരിച്ച് വേണ്ട നടപടികൾ എടുക്കുന്നതിന്മുൻപ് തീർച്ചയായിട്ടും ഈ നിഗമനങ്ങൾ ശരിയായിട്ടു പരിഗണിച്ചുമാത്രമേ നടപടി എടുക്കാവൂ എന്നു പ്രേയുന്നുണ്ട്. അത് പരിഗണിക്കുമോ?

(ഉത്തരമില്ല)

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: റിപ്പോർട്ടിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് പരാമർശിക്കരുതെന്നു പറയുമ്പോൾ സമ്മർദ്ദത്തിനു വഴങ്ങിയാണ് എന്നെല്ലാം റിപ്പോർട്ടിന്റെ സംഭവമെന്താണെന്നു പരാമർശിച്ച് ചോദ്യം ചോദിക്കുന്നതു ശരിയാണോ?

മി. സ്പീക്കർ: അദ്ദേഹം കേസിലെ കക്ഷിയാണെന്നാണ് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഞാനും കക്ഷിയാണ്. ഞാൻ ചോദിക്കുകയാണ്, ബഹുമാനപ്പെട്ട ഗവൺമെൻറിന് ഏറ്റവും പ്രിയമായിട്ടുള്ള ഇറാനിമോസ് എന്ന ഇൻസ്പെക്ടറെ രക്ഷിക്കാൻവേണ്ടിയല്ലേ ആ റിപ്പോർട്ട് പൂർത്തിയാക്കാത്തത്?

മി.സ്പീക്കർ: ബഹുമാനപ്പെട്ട ഗൗരിയമ്മ ഈ റിപ്പോർട്ട് വായിച്ചിട്ടുണ്ടെന്നു പറഞ്ഞു. അങ്ങനെ റിപ്പോർട്ടു വായിച്ചു എന്നുള്ള അറിവു വച്ചുകൊണ്ട് ഗൗരിയമ്മയും, ബഹുമാനപ്പെട്ട വാര്യരും ജോൺജേക്കബും കക്ഷികളാണെന്ന നിലയിലും പറയുന്നുണ്ട്. കക്ഷികൾ എന്ന നിലയിൽ അവർ പറയുന്നത് അവർക്കറിയാം, ഏതു നിലയിലുള്ള കക്ഷികളാണെന്നൊക്കെ എനിക്കറിയാമോ?

ശ്രീ. ഇ. ജോൺജേക്കബ്: ഈ റിപ്പോർട്ട് സബ്മിറ്റു ചെയ്യുമ്പോൾ ബഹുമാനപ്പെട്ട ഗൗരിയമ്മ മന്ത്രിയല്ല.

ശ്രീ. ബേബിജോൺ: വീയപുരം വെടിവയ്പിനെക്കുറിച്ച് ജുഡിഷ്യൽ അന്വേഷണം നടത്തി റിപ്പോർട്ടുകിട്ടി അതിപ്പോൾ ഗവൺമെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണെന്നു പറഞ്ഞു. വെടിവയ്പുകാലത്ത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായ ശ്രീ. എ. കെ. ഗോപാലൻ പറഞ്ഞു, വീയപുരത്ത് സംസ്ഥാന പോലീസ് ഐ. ജി. യും ഭൂവുടമകളും ചേർന്നിട്ടുള്ള ഒരു ഗൂഡാലോചനയുടെ ഫലമായിട്ടാണെന്നു പറഞ്ഞു. ഇതിനെക്കുറിച്ചു വല്ല പരാമർശനവും റിപ്പോർട്ടിലുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നോട്ടീസു വേണം.

ശ്രീ. ഇ. അഹമ്മദ്: വീയപുരത്തെ അന്വേഷണക്കമ്മീഷണർ ആരായിരുന്നു എന്ന് വ്യക്തമാക്കാമോ; അത് ഏതു ഉദ്യോഗസ്ഥനായിരുന്നു?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ജുഡിഷ്യൽ അന്വേഷണമെന്നു മാത്രമേ രേഖകളിൽ നിന്നു കാണുന്നുള്ളൂ. എൻെറ ഓർമ്മ ശരിയാണെങ്കിൽ മുഹമ്മദാലി എന്നു പറയുന്ന ഒരുദ്യോഗസ്ഥനാണ്.

ശ്രീ. ഇ. അഹമ്മദ്: അദ്ദേഹം ജഡ്ജിയായിരുന്നോ, റിട്ടയർ ചെയ്ത ജഡ്ജിയായിരുന്നോ നിയമവകുപ്പിലെ ഉദ്യോഗസ്ഥനായിരുന്നോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അദ്ദേഹം നിയമവകുപ്പിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി.: കാസർകോട്ടും പൂവ്വാറും നടന്ന രണ്ടു വെടിവയ്പിനെസംബന്ധിച്ചിടത്തോളം ജുഡിഷ്യൽ അന്വേഷണം നടത്തുന്നതിന് ഗവൺമെൻറ് ഉത്തരവ് ഇട്ടിരുന്നു എന്നു പറഞ്ഞു. പിന്നീടത് റദ്ദാക്കിയെന്നും പറഞ്ഞു. വെടിവയ്പിനെപ്പോലുള്ള ഒരു സംഭവത്തിൻമേൽ ജുഡിഷ്യൽ അന്വേഷണം നടത്താൻ ഉത്തരവുകൊടുക്കുകയും പിന്നീട് റദ്ദാക്കുകയും ചെയ്യുന്നതിനുള്ള കാരണം ഗവൺമെൻറ് വ്യക്തമാക്കേണ്ടതല്ലേ? എന്തുകാരണത്താലാണ് അദ്ദേഹം പിൻവലിച്ചതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടോ? അതിനെസംബന്ധിച്ചിടത്തോളം പരിശോധിച്ച് ഈ സംഭവം എന്തുകാരണത്താലാണ് പിൻവലിക്കാൻ ഗവൺമെൻറ് തീരുമാനിച്ചതെന്ന് അറിവു നൽകാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ജുഡിഷ്യൽ അന്വേഷണമല്ല വാസ് തവത്തിൽ നടന്നത്. അവിടെ ഒരു ഉദ്യോഗസ്ഥനെ കൊണ്ടാണ് അന്വേഷണം നടത്തിയിട്ടുള്ളത്. പിന്നീട് അത് പിൻവലിച്ചതിന്റെ കാരണങ്ങളും നേരത്തെ പറഞ്ഞതുപോലെ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. കൂടുതലായി അന്വേഷിക്കണമെന്നു ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടാൽ അന്വേഷിക്കാം.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: മുൻമുഖ്യമന്ത്രി ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ആഭ്യന്തരവകുപ്പിന്റെ ചുമതലവഹിച്ചിരുന്ന അവസരത്തിൽ വെടിവെയ്പ്പിന്റെ ഫലമായി രണ്ടു വിദ്യാർത്ഥികളും മരിച്ചു എന്നു പറഞ്ഞു. ശ്രീ. സി. എച്ച്. മുഹമ്മദുകോയ ആഭ്യന്തരമന്ത്രിയായതിനു ശേഷം പോലീസ് വെടിവെയ്പ്പിന്റെ ഫലമായി വല്ല വിദ്യാർത്ഥികളും മരിച്ചിട്ടുണ്ടോ?

(ഉത്തരമില്ല.)

ശ്രീ. പി. എൻ. ചന്ദ്രസേനൻ: വീയപുരം വെടിവെയ്പ്പിൽ ആരും മരിച്ചിട്ടില്ലെന്നു ഇവിടെ പറയുകയുണ്ടായി. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ. എം. എസ്. സ്ഥലം സന്ദർശിച്ച അവസരത്തിൽ ആറിൽ നിന്നും ഒരുശവം പൊന്തിവന്നതായി ഈ ജോൺജേക്കബ് ഈ സഭയിൽ പ്രസ്താവിച്ചു. ശവം ഒരു പ്രത്യേക സ്ഥലത്തുനിന്നു പൊന്തിവന്നത് ശ്രീ. ഇ. ജോൺജേക്കബുമാത്രം കാണാനുള്ള കാരണം എന്താണെന്നു പറയാമോ?

ശ്രീ. ഇ. ജോൺജേക്കബ്: ഞാൻ മാത്രമല്ല ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടുതന്നെ കണ്ടതാണ്.

ശ്രീ. കെ. എം. മാണി: പൂഞ്ഞാറിൽ ചെത്തുതൊഴിലാളികളുടെമേൽ നടന്ന മർദ്ദനത്തെസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതുതരത്തിലുള്ള അന്വേഷണമാണു, അതിനെസംബന്ധിച്ചു റിപ്പോർട്ടുണ്ടോ?

ശ്രീ. എം. കെ. എ. ഹമീദ്: വെടിവെയ്പ്പിനെ സംബന്ധിച്ചുള്ള ചോദ്യമല്ലേ സർ ഇത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഒരുദ്യോഗസ്ഥനെക്കൊണ്ടു പ്രത്യേകമായ ഒരന്വേഷണം നടത്തിയിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ.

വനംമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്): അന്വേഷണം നടത്തിയിട്ടില്ല. ആർ.ഡി. ഓ. യെക്കൊണ്ടാണ് അന്വേഷിപ്പിച്ചത്. അതിന്റെ വിവരം എന്താണെന്നാവശ്യപ്പെട്ടാൽ ഈ സഭയിൽ പറയാം.

ശ്രീ. എം. രാമുണ്ണി: ഒരു വെടിവെയ്പ്പിനുശേഷം നടത്തിയ ജുഡിഷ്യൽ അന്വേഷണത്തിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ തയ്യാറാകാതിരിക്കാൻ കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഗവൺമെന്റിന്റെ ഡിസ്ക്രിഷനാണ്.

ശ്രീ. എം. രാമുണ്ണി: പൊതുജനങ്ങളെ ഇത്രയേറെ വികാരഭരിതരാക്കിയ ഒരു റിപ്പോർട്ട് ഇന്നത്തെ രണകകഷിതന്നെ ജുഡിഷ്യൽ അന്വേഷണം വേണമെന്നു ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു റിപ്പോർട്ടു എന്തുകൊണ്ട് പ്രസിദ്ധീകരിക്കുന്നില്ല?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അതിനു ഉത്തരം പറഞ്ഞുകഴിഞ്ഞു.

ശ്രീ. എം. സദാശിവൻ: പൂഞ്ഞാർ വെടിവെയ്പ്പിൽ മർദ്ദിച്ചവർ തൊഴിലാളികളാണെന്നു പറഞ്ഞു. ഇതു കേട്ടാൽ ഇതൊരു തൊഴിൽസമരമായി പോകുമെന്നു പറഞ്ഞു. വാസ്തവത്തിൽ പൂഞ്ഞാറിൽ വെടിവെയ്ക്കാനുണ്ടായ കാരണമെന്താണ്; സാമുദായികമായ വഴക്കാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: തൊഴിൽ സമരങ്ങളിൽ മരിച്ചതു തൊഴിലാളികളാണെന്നു ഞാൻ പറഞ്ഞില്ല. അവിടെ മരിച്ചതു രണ്ടു മൽസ്യ തൊഴിലാളികളാണെന്നാണ് പറഞ്ഞത്. അവിടെ തൊഴിൽ സമരമായിരുന്നില്ല. സാമുദായികസംഘട്ടനമായിരുന്നു.

ശ്രീ. പി. രാമലിംഗം: 1967—മുതൽ 69 വരെ അവിടെ നിരവധി വെടിവെയ്പുകളും ലാത്തിച്ചാർജുകളും ഉണ്ടായെങ്കിലും ഇതിൽ വിദ്യാർത്ഥികളും തൊഴിലാളികളുമായ ചില ആളുകൾ മർദ്ദിക്കപ്പെട്ടിട്ടുണ്ടെന്നു മന്ത്രിയുടെ മറുപടിയിൽ പറഞ്ഞു. അതിനിടയാക്കിയ സാഹചര്യങ്ങൾ അന്നും അവരവരുടെ ആവശ്യങ്ങൾക്ക് ഏതെങ്കിലും വിഭാഗത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി നടത്തിയ പ്രകോപനത്തിന്റെ ഫലമായി അതിൽനിന്നും ഉളവായതാണോ അതല്ലാ ഇന്നത്തെപ്പോലെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി ചെയ്തിരുന്നതുപോലെ ഇന്നു ഏതെങ്കിലും രാഷ്ട്രീയപാർട്ടി നിലവിലുള്ള ഗവൺമെന്റിനെ എന്തായുധമുപയോഗിച്ചും എന്തു മാർഗ്ഗമുപയോഗിച്ചും താഴെ ഇറക്കുന്നതിനുവേണ്ടി പ്രകോപനം കൂട്ടുമെന്നു പ്രഖ്യാപിച്ചതിന്റെ ഫലമായാണോ?

മി. സ്പീക്കർ: ഞാൻ ഇതു അനുവദിക്കുന്നില്ല.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഓരോന്നും വ്യത്യസ്തമായ കാരണങ്ങളാലാണ് ഉണ്ടായത്. തർക്കത്തിലായതുമാത്രമാണ് അന്വേഷണം നടത്തുന്നതു. അന്വേഷണം നടത്തിയതിനുശേഷം മാത്രമേ മറുപടി പറയാൻ ഒക്കുകയുള്ളു.

ശ്രീ. ഇ. ജോൺജേക്കബ്: വീയപുരം സംഭവത്തെത്തുടർന്നു ഒരു ശവം പൊന്തിവന്നുയെന്നും ആ ശവം ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ പോലീസ് തല്ലിക്കൊന്നതല്ലെന്നും മഞ്ഞപ്പിത്തം വന്നു മരിച്ചതാണെന്നും റിപ്പോർട്ടുവന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോൾ ഓർമ്മയിൽ നിന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: രണ്ടരവർഷക്കാലത്തിനിടയ്ക്കു നടന്ന വെടിവെയ്പുകളെക്കുറിച്ചു പറഞ്ഞു. മൂന്നുമാസക്കാലത്തിനിടയ്ക്കു എത്ര വെടിവെയ്പ് നടന്നു എന്നു വ്യക്തമാക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ഇതിനെ സംബന്ധിച്ച് മിനിയാന്നു ഒരു ചോദ്യം ഉണ്ടായിരുന്നല്ലോ.

LIBRARY ARCHIVES Kerala Legislative Assembly